**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1581** **11-09-2023 - ൽ മറുപടിയ്ക്ക്**

**പെട്രോൾ പമ്പുകൾക്കുള്ള എൻ.ഒ.സി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതുതായി പെട്രോൾ പമ്പുകൾ തുടങ്ങാനായി കളക്ടറേറ്റിൽനിന്നും ലഭിക്കേണ്ട എൻ.ഒ.സി. (നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്) ലഭിക്കുന്നതിനായി വിവിധ വകുപ്പുകളുടെ ഏകോപനം ഇല്ലാത്തതിനാൽ വർഷങ്ങളുടെ കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പുതിയ സംരംഭകർക്ക് പെട്രോൾ പമ്പ് തുടങ്ങുവാനുള്ള എൻ.ഒ.സി. സമയബന്ധിതമായി നൽകുവാനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | പെട്രോൾ പമ്പിന് എൻ.ഒ.സി അനുവദിക്കുന്നതിനായി ജില്ലാ കളക്ടർമാർക്ക് ലഭ്യമാകുന്ന അപേക്ഷകളിൽ അന്വേഷണ റിപ്പോർട്ടിനായി ബന്ധപ്പെട്ട തഹസിൽദാർ ,ജില്ലാ പോലീസ് മേധാവി ,ജില്ലാ ഫയർ ഓഫീസർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (റോഡ്സ് ഡിവിഷൻ), (ദേശീയ പാത) എന്നിവർക്ക് അയച്ചുകൊടുക്കുകയും റിപ്പോർട്ട് ലഭ്യമാവുന്നമുറക്ക് യോഗ്യതയുള്ള അപേക്ഷകളിൽ കാലതാമസം കൂടാതെ എൻ.ഒ.സി നൽകി വരികയും ചെയ്യുന്നു .<br><br>നിലവിൽ മറ്റു വകുപ്പുകളുടെ റിപ്പോർട്ടുകൾ ലഭ്യമാക്കി, നിയമപരമായ നടപടിക്രമങ്ങൾ പാലിച്ചാണ് ജില്ലാ കളക്ടർമാർ ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചുവരുന്നത്. ചില കേസുകളിൽ സ്കെച്ചിലെ പോരായ്മകളും, പെട്രോൾ പമ്പ് തുടങ്ങുന്നതിനെതിരെ സമീപവാസികളുടെ എതിർപ്പുകളും കാരണം NOC അനുവദിക്കുന്നതിൽ കാലതാമസം നേരിടാറുണ്ട്. |
| (ബി) | പ്രസ്തുത സേവനങ്ങൾക്ക് വിവിധ വകുപ്പുകൾ ഉൾപ്പെടെ സമയ പരിധി നിശ്ചയിച്ച് സംരംഭകർക്കുള്ള അധിക സാമ്പത്തിക ബാദ്ധ്യത ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | പെട്രോൾ പമ്പിന് എൻ.ഒ.സി അനുവദിക്കുന്നതിനായി ജില്ലാ കളക്ടർമാർക്ക് ലഭ്യമാകുന്ന അപേക്ഷകളിൽ അന്വേഷണ റിപ്പോർട്ടിനായി ബന്ധപ്പെട്ട തഹസിൽദാർ, ജില്ലാ പോലീസ് മേധാവി , ജില്ലാ ഫയർ ഓഫീസർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (റോഡ്സ് ഡിവിഷൻ), (ദേശീയ പാത) എന്നിവർക്ക് അയച്ചുകൊടുക്കുകയും റിപ്പോർട്ട് ലഭ്യമാവുന്നമുറക്ക് യോഗ്യതയുള്ള അപേക്ഷകളിൽ കാലതാമസം കൂടാതെ എൻ.ഒ.സി നൽകി വരികയും ചെയ്യുന്നു .<br><br>നിലവിൽ മറ്റു വകുപ്പുകളുടെ റിപ്പോർട്ടുകൾ ലഭ്യമാക്കി, നിയമപരമായ നടപടിക്രമങ്ങൾ പാലിച്ചാണ് ജില്ലാ കളക്ടർമാർ ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചുവരുന്നത്. ചില കേസുകളിൽ സ്കെച്ചിലെ |

| | | | |
|---|---|---|---|
| | | | പോരായ്മകളും, പെട്രോൾ പമ്പ് തുടങ്ങുന്നതിനെതിരെ സമീപവാസികളുടെ എതിർപ്പുകളും കാരണം NOC അനുവദിക്കുന്നതിൽ കാലതാമസം നേരിടാറുണ്ട്. |

സെക്ഷൻ ഓഫീസർ